# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6359 21.11.2019 ൽ മറുപടിക്ക്

### സർക്കാരിന്റെ പൊതുമരാമത്ത് നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. രാജൻ<br>ശ്രീ. എൽദോ എബ്രഹാം<br>ശ്രീമതി സി.കെ. ആശ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന സർക്കാരിന്റെ പൊതുമരാമത്ത് നയം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുന്നതിന് ആദ്യമായാണോ പൊതുമരാമത്ത് വകുപ്പിനായി ഒരു നയം സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) ആദ്യമായാണ് പൊതുമരാമത്ത് വകുപ്പിനു മാത്രമായി ഒരു നയം സർക്കാർ പ്രഖ്യാപിക്കുന്നത്. **സ.ഉ(കൈ)നം. 41/2018/പൊ.മ.വ തീയതി 16.11.2018** പ്രകാരം പുതിയ കാലം പുതിയ നിർമ്മാണം എന്ന ആപ്ത വാക്യത്തിലൂന്നി കാലത്തിനനുസരിച്ചുള്ള സാങ്കേതിക വിദ്യകളും നിർമ്മിതികളും, പരിസ്ഥിതി സൗഹൃദ, അപകടരഹിത, സുരക്ഷിത നിർമ്മാണ രീതി ഉൾക്കൊള്ളുന്നതും വകുപ്പിന്റെ കാര്യ ക്ഷമത, ഗുണമേന്മ, സുതാര്യത, അഴിമതി ഇല്ലായ്മ, ആധുനികത എന്നിവ ഉറപ്പാക്കുന്നതിനും വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും പുന:സംഘടിപ്പിക്കുന്നതിനും വേണ്ടിയാണ് കേരള സംസ്ഥാന പൊതുമരാമത്ത് നയം 2018-പുതിയ കാലം പുതിയ നിർമ്മാണം നിലവിൽ വന്നത്. |
| ബി) പുതിയ പൊതുമരാമത്ത് നയത്തിന്റെ അടിസ്ഥാനത്തിൽ അന്തർദേശീയ നിലവാരമുള്ള നിർമ്മിതികൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ? വ്യക്തമാക്കുമോ; | ബി) പുതിയ കാലം പുതിയ നിർമ്മാണം നയത്തിന്റെ ഭാഗമായുള്ള പ്രവർത്തനത്തിൽ പൊതുമരാമത്ത് വകുപ്പിൽ കാര്യക്ഷമത, ഗുണ മേന്മ, സുതാര്യത, അഴിമതിയില്ലായ്മ, ആധുനികത എന്നിവ ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യയുപയോഗിച്ച് ദീർഘകാലം ഈടുനിൽക്കുന്ന റോഡ് നിർമ്മാണ രീതികൾ വകുപ്പിൽ അവലംബിച്ച് വരുന്നു. ആയത് വഴി വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാര്യമായ മാറ്റവും ഗുണനിലവാരവും ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനും ഗുണനിലവാരം |

ഉറപ്പാക്കുന്നതിനുമായി ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ റോഡു പുനർ നിർമ്മാണത്തിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. സ്വാഭാവിക റബ്ബർ, കയർ ജിയോ ടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ നിർമ്മാണ പ്രവൃത്തികൾ വകുപ്പിൽ നടപ്പിലാക്കുന്നുണ്ട്. ആധുനിക നിർമ്മാണ രീതിയിൽ പ്രാപ്തരാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് ആവശ്യമായ ശില്പശാലകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്.

| | | | |
|---|---|---|---|
| സി) | പൊതുമരാമത്ത് റോഡുകളിലെ അറ്റകുറ്റപ്പണികൾ കാര്യക്ഷമമായി നടപ്പാക്കുന്നു എന്നുറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | സി) | അറ്റകുറ്റപ്പണികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകളിലേയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ചുള്ള പരാതികൾ അറിയിക്കുന്നതിനും ആയത് പരിഹരിക്കുന്നതിനുമുള്ള സംവിധാനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ? | ഡി) | പൊതുമരാമത്ത് വകുപ്പ് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച പരാതികൾ നേരിട്ട് അറിയിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ പ്രത്യേക സെൽ രാവിലെ 9 മണി മുതൽ വൈകിട്ട് 7.00 മണി വരെ പ്രവർത്തിക്കുന്നുണ്ട്. 1800425 7771 എന്ന ടോൾഫ്രീ നമ്പരിൽ വിളിച്ചാണ് പരാതികൾ അറിയിക്കേണ്ടത്. പ്രസ്തുത പരാതികൾ അതാത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ അറിയിക്കുകയും പരിഹരിയ്ക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ